**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **06-07-2022 - ൽ മറുപടിയ്ക്ക്**

**പ്രതിരോധ സേനയിലെ താത്ക്കാലിക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യസുരക്ഷയെ സംബന്ധിക്കുന്നതും തന്ത്രപ്രധാനവുമായ ആയുധ നിർമ്മാണശാലകൾ ഉൾപ്പെടെയുള്ള മേഖലകൾ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുകയും കേന്ദ്ര സർക്കാർ സർവ്വീസുകളിലും പ്രതിരോധ സേനകളിലും പത്ത് ലക്ഷത്തോളം വരുന്ന ഒഴിവുകൾ നികത്താതെ സേവന തുറകളിൽ അപ്രന്റിസ് എന്ന പേരിൽ കരാർവൽക്കരണം വ്യാപകമാക്കുകയും ചെയ്തത് സംസ്ഥാനത്തും ആശങ്ക സൃഷ്ടിക്കുന്നെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്; ലോകത്ത് ഏറ്റവും മികച്ച സേനകളിലൊന്നായ ഇന്ത്യൻ സൈന്യത്തിന്റെ കാര്യക്ഷമതയെയും ഗുണനിലവാരത്തെയും സാരമായി ബാധിക്കുന്ന അഗ്നിപഥ് പദ്ധതിക്കെതിരെ രാജ്യവ്യാപകമായി ശക്തമായ പ്രതിഷേധമാണ് ജനങ്ങളിൽ നിന്നും, പ്രത്യേകിച്ച് യുവാക്കളിൽ നിന്നും ഉണ്ടാകുന്നത്. സേനാ വിഭാഗങ്ങളിൽ ഹ്രസ്വകാലത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്താനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. ലക്ഷക്കണക്കിന് സേനാംഗങ്ങളുടെ ഒഴിവുകൾ നിലനിൽക്കുമ്പോഴാണ് 4 വർഷത്തെ കരാറടിസ്ഥാനത്തിൽ സൈനിക സേവന പദ്ധതി നടപ്പാക്കുന്നത്. രാജ്യത്തെ യുവാക്കളുടെ തൊഴിൽ സ്വപ്നമാണ് സൈനിക ഉദ്യോഗം. രാജ്യസുരക്ഷ കാത്തു സൂക്ഷിക്കുകയെന്ന വലിയ കർത്തവ്യമാണ് അവർ നിർവഹിക്കുന്നത്. അതുകൊണ്ടുതന്നെ തൊഴിൽ സുരക്ഷിതത്വവും വേതനവും വിമുക്തഭട സംവരണവും മറ്റ് ആനുകൂല്യങ്ങളും അവർക്ക് നൽകുകയെന്നത് ഭരണ കൂടത്തിന്റെ കടമയാണ്. വളരെ ചുരുങ്ങിയ തൊഴിൽ കാലാവധിയെന്നത് സൈനികോദ്യോഗത്തിന്റെ പ്രൊഫഷണലിസത്തെ ബാധിക്കുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യം നേടുന്നതിനും ഉപയോഗിക്കേണ്ട കാലയളവുകൂടിയാണ് ഈ നാലുകൊല്ലം. 'അഗ്നിപഥ്' പദ്ധതിയിലെ നാലുവർഷ കാലത്തെ സേവനത്തിനു ശേഷം ഈ യുവാക്കൾക്ക് മറ്റ് തൊഴിൽ ലഭ്യതക്കുള്ള സാധ്യതകളും ചുരുങ്ങും. നാല് വർഷ സേവനം കഴിഞ്ഞ് പിരിഞ്ഞു പോകുന്നവർക്ക് |

| | | | |
|---|---|---|---|
| | | | പെൻഷനോ മറ്റ് സൈനിക ആനുകൂല്യങ്ങളോ ഉണ്ടാവില്ല. ഈ പദ്ധതി രാജ്യത്തിന്റെ സൈന്യത്തിന് ദോഷകരമായിതീരും എന്നതിൽ തർക്കമില്ല. രാജ്യത്ത് തൊഴിലില്ലായ്മ സമാനതകളില്ലാതെ പെരുകുമ്പോഴാണ് തൊഴിൽ സുരക്ഷപോലും ഉറപ്പ് നൽകാതെ ഹ്രസ്വകാല റിക്രൂട്ട്മെന്റ് നടത്തുന്നത്.<br><br>താൽക്കാലിക നിയമന പദ്ധതിക്കെതിരെ ഉയർന്നുവരുന്ന പ്രതിഷേധങ്ങൾക്കും ആശങ്കകൾക്കും പുറമെ പ്രതിരോധ - സൈനിക രംഗത്തെ വിദഗ്ധർ ഉയർത്തിയിട്ടുള്ള വിമർശനങ്ങളും കണക്കിലെടുത്ത് പദ്ധതി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് 18.06.2022-ൽ ബഹു:പ്രധാനമന്ത്രിയ്ക്ക് മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. |
| (ബി) | അഗ്നിപഥ് എന്ന പേരിൽ പ്രതിരോധ സേനയിലും താത്ക്കാലിക നിയമനം ആരംഭിച്ച നടപടി സംസ്ഥാനത്തെ യുവാക്കളിലും ആശങ്ക സൃഷ്ടിച്ചെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ നടപടി തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്; ലോകത്ത് ഏറ്റവും മികച്ച സേനകളിലൊന്നായ ഇന്ത്യൻ സൈന്യത്തിന്റെ കാര്യക്ഷമതയെയും ഗുണനിലവാരത്തെയും സാരമായി ബാധിക്കുന്ന അഗ്നിപഥ് പദ്ധതിക്കെതിരെ രാജ്യവ്യാപകമായി ശക്തമായ പ്രതിഷേധമാണ് ജനങ്ങളിൽ നിന്നും, പ്രത്യേകിച്ച് യുവാക്കളിൽ നിന്നും ഉണ്ടാകുന്നത്. സേനാ വിഭാഗങ്ങളിൽ ഹ്രസ്വകാലത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്താനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. ലക്ഷക്കണക്കിന് സേനാംഗങ്ങളുടെ ഒഴിവുകൾ നിലനിൽക്കുമ്പോഴാണ് 4 വർഷത്തെ കരാറടിസ്ഥാനത്തിൽ സൈനിക സേവന പദ്ധതി നടപ്പാക്കുന്നത്. രാജ്യത്തെ യുവാക്കളുടെ തൊഴിൽ സ്വപ്നമാണ് സൈനിക ഉദ്യോഗം. രാജ്യസുരക്ഷ കാത്തു സൂക്ഷിക്കുകയെന്ന വലിയ കർത്തവ്യമാണ് അവർ നിർവഹിക്കുന്നത്. അതുകൊണ്ടുതന്നെ തൊഴിൽ സുരക്ഷിതത്വവും വേതനവും വിമുക്തഭട സംവരണവും മറ്റ് ആനുകൂല്യങ്ങളും അവർക്ക് നൽകുകയെന്നത് ഭരണ കൂടത്തിന്റെ കടമയാണ്. വളരെ ചുരുങ്ങിയ തൊഴിൽ കാലാവധിയെന്നത് സൈനികോദ്യോഗത്തിന്റെ പ്രൊഫഷണലിസത്തെ ബാധിക്കുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യം നേടുന്നതിനും ഉപയോഗിക്കേണ്ട കാലയളവുകൂടിയാണ് ഈ നാലുകൊല്ലം. 'അഗ്നിപഥ്' പദ്ധതിയിലെ നാലുവർഷ കാലത്തെ സേവനത്തിനു ശേഷം ഈ യുവാക്കൾക്ക് മറ്റ് തൊഴിൽ ലഭ്യതകളുള്ള സാധ്യതകളും ചുരുങ്ങും. നാല് വർഷ സേവനം കഴിഞ്ഞ് പിരിഞ്ഞു പോകുന്നവർക്ക് |

| | | | |
|---|---|---|---|
| | | | പെൻഷനോ മറ്റ് സൈനിക ആനുകൂല്യങ്ങളോ ഉണ്ടാവില്ല. ഈ പദ്ധതി രാജ്യത്തിന്റെ സൈന്യത്തിന് ദോഷകരമായിതീരും എന്നതിൽ തർക്കമില്ല. രാജ്യത്ത് തൊഴിലില്ലായ്മ സമാനതകളില്ലാതെ പെരുകുമ്പോഴാണ് തൊഴിൽ സുരക്ഷപോലും ഉറപ്പ് നൽകാതെ ഹ്രസ്വകാല റിക്രൂട്ട്മെന്റ് നടത്തുന്നത്.<br><br>താൽക്കാലിക നിയമന പദ്ധതിക്കെതിരെ ഉയർന്നുവരുന്ന പ്രതിഷേധങ്ങൾക്കും ആശങ്കകൾക്കും പുറമെ പ്രതിരോധ - സൈനിക രംഗത്തെ വിദഗ്ധർ ഉയർത്തിയിട്ടുള്ള വിമർശനങ്ങളും കണക്കിലെടുത്ത് പദ്ധതി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് 18.06.2022-ൽ ബഹു:പ്രധാനമന്ത്രിയ്ക്ക് മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാർ സർവ്വീസിലെ ഒഴിവുകൾ സമയബന്ധിതമായി നികത്താൻ നടപടിയെടുത്തിട്ടുണ്ടോ? | (സി) | വിമുക്തഭടന്മാർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ഉൾപ്പെടെ സർക്കാർ സർവ്വീസിലെ എല്ലാ ഒഴിവുകളിലും നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ